അദ്ധ്യായം നൂറ്റി മൂന്ന്

## അൽ അസ്വ്ർ (കാലം)

അവതരണം മക്കയിൽ, വചനങ്ങൾ 3

**അദ്ധ്യായ പരിചയം:**

ഈ അദ്ധ്യായത്തിൽ ഖുർആനികാശയങ്ങളുടെ ഏറെ ഭാഗങ്ങളും സൂക്ഷ്മമായ രീതിയിൽ ഉൾക്കൊണ്ടിട്ടുണ്ട്. മനുഷ്യൻെറ വിജയത്തിനും പരാജയത്തിനും നിദാനമായ മാർഗം ഏതൊക്കെയെന്ന് ഇതിൽ ചൂണ്ടിക്കാണിക്കുന്നു.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

وَالْعَصْرِ ﴿١﴾ إِنَّ الْإِنسَانَ لَفِي خُسْرٍ ﴿٢﴾ إِلَّا الَّذِينَ آمَنُوا وَعَمِلُوا
الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ ﴿٣﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. കാലം സത്യം.
2. തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽതന്നെ.
3. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും, സത്യം അംഗീകരിക്കുവാൻ പരസ്പരം ഉപദേശിക്കുകയും, ക്ഷമ കൈക്കൊള്ളുവാൻ പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ.

**വിശദീകരണം:**

ഏകദൈവവിശ്വാസം ഉൾക്കൊള്ളുകയും സൽക്കർമം പ്രവർത്തിക്കുകയും സത്യവും ക്ഷമയും പാലിക്കാൻ പരസ്പരം ഉപദേശിക്കുകയും ചെയ്യുന്ന മനുഷ്യർ വിജയത്തിലും അല്ലാത്തവർ പരാജയത്തിലുമായിരിക്കുമെന്നാണ് ഈ അദ്ധ്യായത്തിൻെറ വ്യക്തമാക്കുന്നത്. ഈ വസ്തുത മനുഷ്യനെ ബോധ്യപ്പെടുത്താൻ അല്ലാഹു കാലത്തെക്കൊണ്ട് സത്യം ചെയ്തുകൊണ്ടാണ് അക്കാര്യം പറയുന്നത്. അത് അറബികളുടെ പതിവ് രീതിയായിരുന്നു. മനുഷ്യനെ അത് ബോധ്യപ്പെടുത്തുന്നു, കഴിഞ്ഞുപോയ ജനതകളാണെ, സമയമാണെ സത്യം, ഈവക ഗുണങ്ങളോടു കൂടി ജീവിക്കാത്ത സകല മനുഷ്യരും നഷ്ടത്തിലും കഷ്ടത്തിലുമായിരിക്കും. അതിനാൽ അതിൽനിന്ന് രക്ഷ നേടുന്നതിനായി ഏകദൈവത്തിൽ വിശ്വസിക്കുക, അവനോട് മാത്രം പ്രാർഥിക്കുക, അവന് ഇഷ്ടകരമായ കാര്യങ്ങളിൽ മുഴുകുക, അവന് അനിഷ്കരമായ കാര്യങ്ങൾ വർജിക്കുക, പ്രവാചകൻ മുഹമ്മദ്(സ)ൻെറ അദ്ധ്യാപനം ഉൾക്കൊള്ളുക, അത് അംഗീകരിച്ചു ജീവിക്കുക, പരലോക വിശ്വാസം ഉൾക്കൊള്ളുക, അവിടെയാണ് രക്ഷാശിക്ഷകൾ ലഭിക്കുന്നതെന്ന് അംഗീകരിക്കുക, അവിടത്തെ മോക്ഷത്തിനു വേണ്ടി സൽക്കർമങ്ങളനുഷ്ഠിച്ച് ജീവിക്കുക, സ്വയം സത്യനിഷ്ഠ പാലിക്കുന്നതോടൊപ്പം അതിന് സമൂഹത്തെ ഉൽബോധിപ്പിക്കുകയും ചെയ്യുക, അതിലൂടെ ദൈവികതാൽപര്യം പരിഗണിച്ചു ജീവിക്കുന്ന സാമൂഹികാവസ്ഥ ഉണ്ടാക്കിയെടുക്കുക. അല്ലാത്ത കാലത്തോളം മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്.